കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 1, ചൊവ്വ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 1986 ജൂലായ് 1—ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30—ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

കേരള ജല—മലിനജല അതോറിറ്റിയുടെ പ്രവർത്തനത്തെപ്പറ്റി അന്വേഷണം

* 141 [143] ശ്രീ. ആർ.എസ്. ഉണ്ണി:

,, എ.വി. താമരാക്ഷൻ:

,, കെ. ശങ്കരനാരായണപിള്ള:

,, പി. വിജയദാസ്:

,, പി.സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല—മലിനജല അതോറിട്ടിയുടെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങളെപ്പറ്റി ഏതെങ്കിലും ഏജൻസി അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നത്;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ ഇതിൻമേൽ ഗവൺമെൻറ് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) കേരള ജല–മലിനജല അതോറിറ്റി കഴിഞ്ഞ കാലത്ത് ആവശ്യത്തിൽ കൂടുതലായി പൈപ്പുകളും വാൽവുകളും വാങ്ങിയതിനെ സംബന്ധിച്ച് ഫൈനാൻസ് ഇൻസ്പെക്ഷൻ (വർക്സ്) വിംഗ് അന്വേഷണം നടത്തുന്നുണ്ട്.

(ബി) ഫൈനാൻസ് ഇൻസ്പെക്ഷൻ (വർക്സ്) വിംഗ്.

(സി) പ്രാഥമിക റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഫൈനാൻസ് ഇൻസ്പെക്ഷൻ (വർക്സ്) വിംഗ് അതിന്റെ അന്വേഷണം പൂർത്തീകരിക്കുന്നതിനായി അതോറിറ്റി വാങ്ങിയ പൈപ്പുകളുടെയും ഏതു ജോലികൾക്കായിട്ടാണ് പ്രസ്തുത പൈപ്പുകൾ വാങ്ങിയതെന്നും എവിടെയൊക്കെയാണ് ഇത് ഉപയോഗിച്ചതെന്നും അത് സ്റ്റോക്കു ചെയ്തിരിക്കുന്നതെന്നുമുള്ള കാര്യങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾ അതോറിറ്റിയിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഫൈനാൻസ് ഇൻസ്പെക്ഷൻ (വർക്സ്) വിംഗ് ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളെല്ലാം നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ നല്കുവാൻ അതോറിറ്റിക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ആർ.എസ് ഉണ്ണി: വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിച്ച ഉടനെ ഒരൊറ്റ ദിവസംകൊണ്ടുതന്നെ ആ അതോറിറ്റിയിൽ നിയമിക്കേണ്ട പല ഉയർന്ന തസ്തികകളെ സംബന്ധിച്ച് തീരുമാനിക്കുകയും ആ ദിവസം അതേ സമയംതന്നെ അപേക്ഷകൾ പരിശോധനയ്ക്ക് എടുക്കുകയും അന്ന് അതേ സമയംതന്നെ നിയമനം നടത്തുകയും ചെയ്തതായി പരാതി കിട്ടിയിട്ടുണ്ട്. ഇത് വളരെ ക്രമരഹിതമാണെന്നും നിയമവിരുദ്ധമാണെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നിയമിക്കേണ്ട തസ്തികകളാണ് ഇതൊക്കെ. അല്ലാതെ നടത്തിയെന്നുള്ള ആരോപണത്തെ സംബന്ധിച്ച് അന്വേഷിക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: സർ, സ്പെസിഫിക്കായിട്ട്, ഏതെങ്കിലും ക്രമക്കേടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചാൽ അതിനെക്കുറിച്ച് പരിശോധിക്കാം. ഇവിടെ ഇപ്പോൾ ഡയറക്ട് റിക്രൂട്ട്മെൻറിനെ സംബന്ധിച്ച് നിയമവിരുദ്ധമാണെന്നു പറയുന്നത് ഗവൺമെൻറിന് അറിഞ്ഞുകൂടാ.

ശ്രീ. ആർ.എസ്. ഉണ്ണി: ഇന്നത്തെ മന്ത്രിസഭയുടെ പ്രതിച്ഛായ മാറുന്ന കാര്യങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ധനകാര്യ ഇൻസ്പെക്ഷൻ വിംഗ്, വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിലെ ക്രമക്കേടുകളെ സംബന്ധിച്ചും അഴിമതികളെക്കുറിച്ചും പ്രത്യേകിച്ച് പൈപ്പ് വാങ്ങൽ, വാൽവ് വാങ്ങൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് പരിശോധന നടത്തുന്നുണ്ട്. ഇതൊക്കെ നമ്മുടെ പത്രങ്ങളിൽ അക്കമിട്ട് അച്ചടിച്ച് വന്നിട്ടുള്ളതാണ്. ഫൈനാൻസ് വിംഗിന്റെ പരിശോധനയിൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപിടിക്കുന്ന ക്രമക്കേടുകൾ വെളിയിൽ വരാതിരിക്കുന്നതിനുവേണ്ടി യല്ലേ ഫൈനാൻസ് വകുപ്പിന്റെ ചുമതലവഹിക്കുന്ന മന്ത്രിയെ പ്രതിചേർക്കാ യയുടെ പേരിൽ മാറ്റി ഈ അന്വേഷണം മൂടിവയ്ക്കാനുള്ള നടപടി സ്വീക രിച്ചിട്ടുള്ളത്? ഇതിനു പകരമായി ഏതെങ്കിലും ഒരു നിഷ്പക്ഷ ഏജൻ സിയെക്കൊണ്ട് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: ഈ പറഞ്ഞതെല്ലാം ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണ്. പക്ഷേ വിദഗ്ദ്ധ സമിതിയെന്നു പറയുന്ന ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗാണ് ഏറ്റവും ടെക്നിക്കലായിട്ടുള്ള വിദഗ്ദ്ധ സമിതി.

ശ്രീ. എ.വി. താമരാക്ഷൻ: ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ പ്രാഥമിക റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് കിട്ടിയെന്നു പറഞ്ഞു. ആ പ്രാഥമിക റിപ്പോർട്ടിൽ, പൈപ്പുകളും വാൽവുകളും വാങ്ങിയതിൽ ഗുരുതരമായ ക്രമക്കേടുകളുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്തു തരത്തിലുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുവാൻ പോകുന്നതെന്നു പറയാമോ?

ശ്രീ. കെ.എം. മാണി: പ്രാഥമിക റിപ്പോർട്ടിൽ ഗൗരവകരമായിട്ടുള്ള ചില ക്രമക്കേടുകൾ, പൈപ്പുകളും വാൽവുകളും വാങ്ങിയതിൽ ഉൾപ്പെ ട്ടിട്ടുണ്ടെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വിശദമായ ഒരു എൻക്വയറി വേണമെന്നും പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ വിശദമായ എൻക്വ യറിക്ക് ഗവൺമെന്റ് സാങ്ഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോ റിറ്റി നിലവിൽ വന്നപ്പോൾ അതിന്റെ ചെയർമാനായിരുന്ന മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ആദ്യ ബോർഡ് കുറെ തസ്തികകൾസൃഷ്ടിച്ചു. അതേ ബോർഡിൽവച്ചുതന്നെ ആ നിയമനത്തിനുള്ള യോഗ്യതയും നിശ്ചയിച്ചു. അതേ ബോർഡിൽവച്ചുതന്നെ അപേക്ഷ പോലും സ്വീകരിക്കാതെ ആളെയും നിയമിച്ചു. ഇതിൽ യാതൊരു ക്രമക്കേടുമില്ലെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. കെ. എം. മാണി: ഇതേ ചോദ്യം തന്നെ ബഹുമാനപ്പെട്ട ആർ.എസ്. ഉണ്ണി ചോദിച്ചു. ഞാൻ അതിന് മറുപടി പറഞ്ഞതാണ്.

ശ്രീ. എം.കെ. കേശവൻ: വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോ റിറ്റി, ഈ അതോറിറ്റിയാകുന്നതിനുമുമ്പ് പി.എച്ച്.ഇ.ഡി. ആയി പ്രവർ ത്തിച്ചിരുന്ന കാലത്ത് പതിനാറും പതിനേഴും വർഷം സർവ്വീസുള്ള ജീവ നക്കാർ അവിടെയുണ്ട്. അവരെ സ്ഥിരപ്പെടുത്താതെ പുതിയ ആളു കളെ ഈ ഡിപ്പാർട്ടുമെന്റിൽ സ്ഥിരപ്പെടുത്തിയതിനെക്കുറിച്ച് അന്വേ ഷിച്ച് നടപടി സ്വീകരിക്കാമോ?

ശ്രീ. കെ.എം. മാണി: പഴയ ആളുകളെ എല്ലാം കളഞ്ഞിട്ടുണ്ടെന്ന് എനിക്കു തോന്നുന്നില്ല. പഴയ ആളുകളെയെല്ലാം നിലനിർത്തിയിട്ടു ണ്ടെന്നാണ് എന്റെ അറിവ്.

ശ്രീ. കെ.പി. പ്രഭാകരൻ: വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോ റിറ്റിയിലെ നിയമനങ്ങളെ സംബന്ധിച്ച് സ്പെസിഫിക്കായിട്ട് ആരോ പണങ്ങൾ കിട്ടിയിട്ടില്ല, അങ്ങനെ കിട്ടിയാൽ അന്വേഷിക്കാമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. വളരെ സ്പെസിഫിക്കായിട്ടുതന്നെ ഇന്നയിന്ന രീതിയിൽ നിയമിച്ചുവെന്നു പറഞ്ഞുകൊണ്ട് പത്രങ്ങളിൽ പേരെടുത്ത് പറഞ്ഞുകൊണ്ടു വരികയും ചെയ്തു. 'മാതൃഭൂമി'യിൽ ഇങ്ങനെ നിയമനം നടത്തിയ ആളുകളുടെ ഒരു നീണ്ട പട്ടികതന്നെ വരികയുണ്ടായി. ഇങ്ങനെയുള്ള ആരോപണങ്ങൾ പ്രധാനപ്പെട്ട പത്രത്തിൽ വന്നാൽ അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടില്ലെന്നാണോ; അന്ന് ചെയർമാനായിരുന്ന മന്ത്രി നടത്തിയ കാര്യമായതുകൊണ്ട് അന്വേഷിക്കണ്ടെന്നാണോ; ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് അന്വേഷിക്കാമോ?

ശ്രീ. കെ.എം. മാണി: പത്രങ്ങളിൽ ഇങ്ങനെയൊക്കെ വരുന്ന സ്റ്റേറ്റുമെൻറുകളും, ഒരു മെമ്പർ സ്പെസിഫിക്കായിട്ട് തരുന്ന കാര്യങ്ങളും, ഇങ്ങനെ രണ്ട് തരത്തിലുണ്ട്. അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. പത്രങ്ങളിൽ വന്നുകാണും. സ്പെസിഫിക്കായിട്ട് ആരെങ്കിലും പറയുകയാണെങ്കിൽ ഞാൻ പരിശോധിക്കാം.

ശ്രീ. കെ.പി. പ്രഭാകരൻ: സ്പെസിഫിക്കായിട്ട്, ഇന്നയിന്ന ആളുകളെ, ഇന്നയിന്ന ആളുകളുടെ ബന്ധത്തിൽപ്പെട്ട ആളുകളെ, കാർത്തികേയൻ കൊടുത്ത ലിസ്റ്റ് മുതലായവ സ്പെസിഫിക്കായിട്ട് ഉള്ള ആരോപണങ്ങളാണ്. അത് മന്ത്രി അന്വേഷിക്കാമോ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. കെ.എം. മാണി: പൊതുവായിട്ട് പത്രങ്ങളിൽ വരുന്നതൊക്കെ ഗവൺമെൻറ് പൊതുവായിട്ടുതന്നെ അന്വേഷിക്കാറുണ്ട്. പക്ഷേ സ്പെസിഫിക്കായിട്ടു വരുന്നതാണെങ്കിൽ സ്പെസിഫിക്കായിട്ട് നോക്കാം.

ശ്രീ. ഇ.കെ. നായനാർ: സ്പീക്കർ സർ, ഇവിടെ രണ്ടു വർഷക്കാലത്തെ പ്രവർത്തനത്തെ സംബന്ധിച്ചാണ് പ്രാഥമിക അന്വേഷണം നടത്തിയെന്നു പറയുന്നത്. അട്ടപ്പാടിയിലെ വാൽവ് വാങ്ങിയതിനെ സംബന്ധിച്ച് പി.ഡബ്ലിയു.ഡി. സെക്രട്ടറി നടത്തിയ അന്വേഷണത്തിൽ ഒന്നരക്കോടി രൂപയുടെ വെട്ടിപ്പ് നടത്തിയതായി കണ്ടുപിടിക്കുകയും നമ്മുടെ ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ ആ റിപ്പോർട്ടിൽ ഒപ്പുവെയ്ക്കുകയും ചെയ്തു. അതിൽ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് നടപടി കൈക്കൊള്ളണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഈ കാര്യങ്ങളെ സംബന്ധിച്ച് കൂടുതലായി ഈ മന്ത്രി എന്തു നടപടി പിന്നീട് സ്വീകരിച്ചു?

ശ്രീ. കെ.എം. മാണി: ഫൈനാൻസ് ഇൻസ്പെക്ഷൻ- വിംഗ് അതിന്റെ പ്രാഥമിക റിപ്പോർട്ട് നൽകി. അതിൽ ഗൗരവകരമായ ചില അഴിമതികൾ ഉണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഡീറെയിൽഡ് എൻക്വയറി കഴിഞ്ഞ് തെളിയപ്പെടുമ്പോൾ കുറ്റക്കാരായ ഉദ്യോഗസ്ഥൻമാർ പുറത്തു വരും. അവരുടെ പേരിൽ ഗൗരവമായി കർശന നടപടിയെടുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലായെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു തരികയാണ്.

ശ്രീ. വി.കെ. രാജൻ: രണ്ടു വർഷക്കാലത്തിനിടയിൽ ഉണ്ടായിട്ടുള്ള വാൽവ് വാങ്ങൽ സംഭവത്തെത്തുടർന്ന് ഏതാനും എഞ്ചിനീയർമാരെ സസ്പെൻറ് ചെയ്ത് നിർത്തിയിട്ടുണ്ട്. ആ എഞ്ചിനീയർമാരുടെ പേരിൽ ഇപ്പോൾ എന്തു നടപടിയാണ് എടുത്തിട്ടുള്ളത്; അതിനെപ്പറ്റി എൻക്വയറി നടക്കുന്നുണ്ടോ; അതോ എല്ലാം തേച്ചുമാച്ചു കളഞ്ഞോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി: അത് ഡിപ്പാർട്ടുമെൻറൽ ആയിട്ടുള്ള നടപടികളാണ്. ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിൻെറ പ്രാഥമിക റിപ്പോർട്ട് കിട്ടിയശേഷം രണ്ട് ഉദ്യോഗസ്ഥൻമാരുടെ പേരിൽ ചാർജ് കൊടുത്തുകൊണ്ട് ഒരന്വേഷണമുണ്ട്. മറ്റു ചില ഉദ്യോഗസ്ഥൻമാർക്കെതിരെ ഡിസിപ്ലിനറി ആക്ഷൻ ഇനിഷ്യേറ്റ് ചെയ്യുന്നുണ്ട്. പൈപ്പ് വാങ്ങിയതിനെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽ, അതോറിറ്റിയുടെ ശ്രദ്ധയിൽ വന്നപ്പോൾ അതോറിറ്റി തന്നെ സ്വയം ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെൻഡ് ചെയ്യുകയും സസ്പെൻഷന് വിധേയമായി സ്പെസിഫിക്കായിട്ട് വേറൊരു അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്. ചില ഉദ്യോഗസ്ഥൻമാരുടെ പേരിൽ അതോറിറ്റി സ്യൂവോ–മോട്ടോ ആയി ഡിസിപ്ലിനറി ആക്ഷൻ എടുത്ത് അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിൻെറ പ്രാഥമിക റിപ്പോർട്ട് കിട്ടിയെന്നു പറഞ്ഞു. ആ റിപ്പോർട്ട് പരിശോധിച്ചതിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാരാണ് ഇൻവോൾവ്ഡ് ആയിട്ടുള്ളതെന്നു പറഞ്ഞിട്ടുണ്ടോ; ആ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണെന്ന് പറയാമോ; അവരുടെമേൽ ഗവൺമെൻറ് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ.എം. മാണി: ആ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അന്വേഷണത്തിനടിസ്ഥാനമായ മൊത്തം നടപടികളും ഇനി ഡീറെയിൽഡ് എൻക്വയറിയും കൂടി നടന്ന ശേഷമേ ഉണ്ടാവുകയുള്ളു. ഇതിനോടകം അതോറിറ്റിക്ക് സ്വയം ബോധ്യമായ ചില കാര്യങ്ങളിൽ അതോറിറ്റി തന്നെ നടപടി എടുത്തു എന്നുമാത്രമേയുള്ളൂ.

ശ്രീ. കാനം രാജേന്ദ്രൻ: ഇടക്കാല റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടക്കുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ ഇടക്കാല റിപ്പോർട്ടിൽ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പേമെൻറ് നിർത്തിവച്ചുകൊണ്ടും വളരെ സംശയകരമായ സാഹചര്യം ആയതുകൊണ്ടും ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് പേമെൻറും പർച്ചേസും മരവിപ്പിച്ചുകൊണ്ടാണോ വിശദമായ അന്വേഷണത്തിന് ഉത്തരവ് ഇട്ടിട്ടുള്ളത്?

അതുപോലെതന്നെ ഇതിൽ ഉദ്യോഗസ്ഥൻമാരുടെ ലിസ്റ്റിൽ ചീഫ് എഞ്ചിനീയർ ആയിരുന്ന ശ്രീ. ഭൈരവൻെറ പേരും ഇടക്കാല റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; അങ്ങനെ ചൂണ്ടിക്കാണിച്ചിട്ടുള്ള അദ്ദേഹത്തെത്തന്നെ വീണ്ടും എം.ഡി. യായി എക്സ്റ്റൻഷൻ കൊടുക്കേണ്ട കാര്യം എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ.എം. മാണി: ഇടക്കാല റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതിൻമേലെല്ലാം നടപടി എടുക്കുന്നില്ല. ഇടക്കാല റിപ്പോർട്ടിനുശേഷം ഡീറെയിൽഡ് എൻക്വയറി തന്നെ കഴിയുമ്പോൾ ബന്ധപ്പെട്ടവർക്കെതിരായിട്ടുള്ള നടപടി ആരംഭിക്കാൻ കഴിയും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഈ കഴിഞ്ഞ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

ഫിനാൻസ് മന്ത്രി ആയിരുന്നപ്പോൾ അന്വേഷിക്കാൻ ഉത്തരവിട്ടതിന്റെ റിപ്പോർട്ട് ഞാൻ ഇപ്പോൾ ഫിനാൻസ് മന്ത്രി അല്ലാത്തതുകൊണ്ട് എനിക്ക് ആ റിപ്പോർട്ട് കിട്ടിയിട്ടില്ല, ഫിനാൻസ് മിനിസ്റ്ററുടെ കയ്യിൽ കിട്ടിയാൽ എനിക്ക് അയച്ചുതരുമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ റിപ്പോർട്ട് എത്രയും വേഗം കിട്ടാൻ വേണ്ടി ആവശ്യപ്പെട്ടിട്ടുണ്ടോ; റിപ്പോർട്ട് എന്നത്തേക്ക് കിട്ടുമെന്നുപറയാമോ?

ശ്രീ. കെ.എം. മാണി: ഇവിടുത്തെ നടപടിക്രമം എന്ന് പറഞ്ഞാൽ ആ റിപ്പോർട്ട് ഫൈനലൈസ് ചെയ്തുകഴിഞ്ഞാൽ അത് ആദ്യം ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് കൊടുക്കും. അതു കഴിഞ്ഞാൽ ബന്ധപ്പെട്ട അന്വേഷണ ഡിപ്പാർട്ടുമെന്റിലേക്ക് അത് കൊടുക്കും. അങ്ങനെയാണ് നടപടിക്രമം. ഇപ്പോൾ ഞാൻ നൽകുന്ന ഉത്തരം, പ്രാഥമിക അന്വേഷണ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ എന്നതിന് പറയുന്ന ഉത്തരം, ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ അന്വേഷണം നടത്തിയിട്ട് കിട്ടിയ വിവരമാണ്.

ശ്രീ. പി. സീതിഹാജി: ഫിനാൻസ് വിംഗ് അന്വേഷിക്കണമെന്നുള്ള ഉത്തരവ് ഇട്ടത് ജല-മലിനജല അതോറിറ്റി ആണോ അതോ ഗവൺമെന്റ് ആണോ?

ശ്രീ. കെ.എം. മാണി: ഗവൺമെന്റ് തന്നെയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്പെസിഫിക്കായി ആക്ഷേപം ഉന്നയിച്ചാൽ അതിനെക്കുറിച്ച് അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ നിയമസഭയിൽ ഞാൻ തന്നെ ഇവിടെ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ നടന്ന നിയമനങ്ങളെ സംബന്ധിച്ച് സ്പെസിഫിക്കായി ഈ നിയമസഭയിൽ ആരോപണം ഉന്നയിച്ചതാണ്. അന്ന് ഞാൻ ഉന്നയിച്ച ആരോപണങ്ങളെ സംബന്ധിച്ച് പുതുതായി അധികാരം ഏറ്റെടുത്തിട്ടുള്ള മന്ത്രി അന്വേഷണം നടത്താൻ തയ്യാറാകുമോ എന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ.എം. മാണി: ഈ വിഷയത്തെപ്പറ്റി ഒരു സ്പെസിഫിക്ക് ഇൻസ്റ്റൻസ് തന്നാൽ ഞാൻ അന്വേഷിക്കാം.

ശ്രീ. എ.കെ. ശശീന്ദ്രൻ: ഈ രണ്ടു വർഷത്തെ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ച് ആകെ വിലയിരുത്തുന്നു എന്നാണ് മന്ത്രി പറഞ്ഞത്. അങ്ങനെ വിലയിരുത്തിയപ്പോൾ എന്ത് ഉദ്ദേശിച്ചാണോ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിച്ചത് ആ ഉദ്ദേശ ലക്ഷ്യങ്ങൾ സാധിക്കത്തക്കവിധത്തിൽ സാമ്പത്തിക സഹായത്തിനായി മറ്റ് സ്ഥാപനങ്ങളിൽനിന്ന് കാശ് എടുക്കാനുള്ള സൗകര്യം ലഭിക്കാത്തതുകൊണ്ട് ശുദ്ധജല വിതരണപദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ വേണ്ടത്ര ഗൗരവത്തോടുകൂടി വേഗത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ലെന്നും ഇവിടെ ആരംഗത്ത് സ്തംഭനാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുമുള്ളകാര്യം മന്ത്രി പരിശോധിച്ചിട്ടുണ്ടോ; അങ്ങനെ ആണെങ്കിൽ ഉദ്ദേശ ലക്ഷ്യം സാധിക്കാത്ത ആ ബോർഡിനെ നിലനിർത്തേണ്ടതുണ്ടോ എന്ന് ഗവൺമെന്റ് പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി: ഗവൺമെൻറിന്റെ ആഗ്രഹാഭിലാഷങ്ങളനുസരിച്ചുള്ള വേഗതയിൽ കാര്യങ്ങൾ നീങ്ങുന്നില്ല, എങ്കിലും ഫലപ്രദമായി പല കാര്യങ്ങളും ഈ അതോറിറ്റിക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്.

ശ്രീ. എ.സി. ഷൺമുഖദാസ്: ഈ പൊതു മേഖലാസ്ഥാപനത്തിലെ സ്ഥിരമായിട്ടുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും നടത്തണമെന്ന് സ്പെസിഫിക്കായ നിർദ്ദേശം ഇല്ലെങ്കിലും അങ്ങനെയൊരു നയം ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ ഈ ബോർഡിലേക്ക് ഇനി മേലിൽ ഒരു കാരണവശാലും നേരിട്ട് നിയമനം നടത്തുകയില്ല എന്ന് സ്പെസിഫിക്കായി ഉത്തരം പറയാൻ കഴിയുമോ?

ശ്രീ. കെ.എം. മാണി: ബഹുമാനപ്പെട്ട ഷൺമുഖദാസ്, ഞാൻ എന്റെ ഡിമാൻറ് ഫോർ ഗ്രാൻറ്സിൽ വളരെ അസന്നിഗ്ദ്ധമായി നൽകിയ ഉറപ്പാണ് ആ നിമിഷം മുതൽ ഭാവിയിലേക്കുള്ള എല്ലാ നിയമനങ്ങളും പി.എസ്.സിക്ക് വിട്ടു കൊടുക്കുന്നു എന്ന്. താൽക്കാലിക നിയമനങ്ങളെ സംബന്ധിച്ച് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചും. അത് ഞാൻ പറഞ്ഞു കഴിഞ്ഞു.

ഡോ. കെ.സി. ജോസഫ്: വാട്ടർ അതോറിറ്റി വരുന്നതിനുമുമ്പ് ഇതിന്റെ ബഡ്ജറ്റ് നിയമസഭയിൽ കൊണ്ടുവരുന്നതുകൊണ്ട് ഓരോ ഗോയിങ്ങ് സ്കീംസിനും തുക നീക്കി വച്ചിട്ടുണ്ടോ എന്നു അറിയാൻ കഴിയുമായിരുന്നു. അതോറിറ്റി ആയതിനു ശേഷം അതോറിറ്റി സ്വന്തമായി ബഡ്ജറ്റ് തയ്യാറാക്കുന്നതുകൊണ്ട് ഓൺ ഗോയിങ്ങ് സ്കീംസിൽ പലതും പദ്ധതിയിൽ ഉൾക്കൊള്ളിക്കാതെ പണം നീക്കി വച്ചതുകൊണ്ട് പദ്ധതിയുടെ പ്രവർത്തനം നിലച്ചതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉദാഹരണമായി കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിനു രണ്ടു കൊല്ലമായി പദ്ധതിയിൽ പണം നീക്കി വച്ചിട്ടില്ല. അങ്ങനെയുള്ള അപാകതകൾ തിരുത്താൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ.എം. മാണി: ബഡ്ജറ്റ് പുസ്തകം എടുത്ത് നോക്കിയാൽ നാനൂറിനുമേൽ ഓൺ ഗോയിങ്ങ് സ്കീംസുണ്ട്. പക്ഷേ അവയിലബിളായിട്ടുള്ള ഫണ്ടുകൊണ്ട് ഈ നാനൂറിനുമേൽ ഓൺ ഗോയിങ്ങ് സ്കീംസ് നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ട് ഒരു പ്രയോറിറ്റി നിശ്ചയിച്ചുകൊണ്ട് വേണം കാര്യങ്ങൾ ചെയ്യാൻ. അത് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ.കെ. പത്മനാഭൻ: സ്പെസിഫിക്കായി ആരോപണങ്ങൾ ഉന്നയിച്ചാൽ അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെ ആരോപണങ്ങൾ ഉന്നയിക്കുകയും ജല-മലിനജല അതോറിറ്റിയിലെ നിയമനങ്ങൾ ക്രമവിരുദ്ധമാണെന്ന് തെളിയിക്കുകയും ചെയ്താൽ ഇപ്പോൾ നിയമിക്കപ്പെട്ട ആളുകളുടെ മേൽ എന്ത് നടപടിയാണ് എടുക്കാൻ കഴിയുക എന്ന് വ്യക്തമാക്കാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി: ഹൈപ്പോത്തിറിക്കലായിട്ടുള്ള കാസ്റ്റ്റ്യനാണിത്. അങ്ങനെ വന്നാൽ എന്ത് ചെയ്യും. വരട്ടെ, അങ്ങനെ വന്നാൽ അതനുസരിച്ച് ചെയ്യാം.

ശ്രീ. കെ.ഇ. ഇസ്മയിൽ: ജല-മലിനജല അതോറിട്ടിയിലെ നിയമനങ്ങളെക്കുറിച്ചും അതിലെ രണ്ടു വർഷക്കാലത്തെ പ്രവർത്തനങ്ങളെക്കുറിച്ചും സ്പെസിഫിക്കായി തന്നെ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നമ്മുടെ ജല-മലിനജല അതോറിറ്റിയിലെ ജീവനക്കാരുടെ വിവിധ സംഘടനകളും മന്ത്രിക്ക് നേരിട്ട് നിവേദനം നടത്തിയ വിവരം ഇപ്പോഴും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഏതെല്ലാം സംഘടനകളാണ് അങ്ങനെ നിവേദനങ്ങളും നടത്തിയത്? മുഖ്യമായ അന്വേഷണം എന്ന് പറയുന്നത് ഏതെല്ലാം കാര്യങ്ങളാണ്? സ്പെസിഫിക്കായി എന്ന് മന്ത്രി പറയുമ്പോൾ ഇതിന് അദ്ദേഹം നേരത്തേ ഉപയോഗിച്ച മറ്റൊരു പദപ്രയോഗമുണ്ട്. ''അഡിഷണാലിറ്റി'' അതുപോലെ ഒരു പദപ്രയോഗം ആണോ? അതുകൊണ്ട് ഇതിനെപ്പറ്റി ഒന്ന് വിശദീകരിച്ചാൽ കൊള്ളാം.

ശ്രീ. കെ.എം. മാണി: സർവ്വീസ് ഓർഗനൈസേഷൻ നൽകുന്ന പൊതുവായ മെമ്മോറാണ്ടങ്ങളിൽ അവരുടെ പ്രയാസങ്ങളും കാര്യങ്ങളും പറഞ്ഞ കൂട്ടത്തിൽ ഇതൊക്കെ പറഞ്ഞു കാണും. പക്ഷേ ഞാൻ പറഞ്ഞത്, സ്പെസിഫിക്കായിട്ട് ആ കാര്യത്തെ സംബന്ധിച്ച് പറയുന്നുവെങ്കിൽ അത് ചെയ്യാമെന്നാണ്.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിച്ചതിനെത്തുടർന്ന് ഉദ്യോഗസ്ഥൻമാരെ, നിയമിക്കാനുള്ള തീരുമാനം എടുക്കുകയും അവരുടെ ക്വാളിഫിക്കേഷൻ നിശ്ചയിക്കുകയും ഇൻറർവ്യൂ നടത്തുകയും അവരെ നിയമിക്കുകയുമെല്ലാം ചെയ്തത് ഒരേ ബോർഡ് യോഗത്തിൽ വച്ചാണ് എന്ന് വളരെ സ്പെസിഫിക്കായ ആരോപണം ഈ നിയമസഭയിൽ ഇതിന് മുൻപ് ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോഴും ശ്രീ. ആർ. എസ്. ഉണ്ണി ആദ്യത്തെ ചോദ്യത്തിൽ ഉന്നയിക്കുകയും ചെയ്തതാണ്. ഫിനാൻസ് ഇൻസ്പെക്ഷൻ (വർക്സ്) വിങ്ങിന്റെ പ്രഥമ അന്വേഷണ റിപ്പോർട്ടിൽ തന്നെ ഗുരുതരമായ അഴിമതികളും ഉണ്ടായിട്ടുണ്ട്, എന്ന സൂചനകളും ഉണ്ടെന്ന് ബഹുമാന്യനായ മന്ത്രി ഇപ്പോഴും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതെല്ലാംകൂടി വച്ച് സ്പെസിഫിക്കായിട്ട് ഈ നിയമനങ്ങളെ സംബന്ധിച്ചും, ഈ ഇൻസ്പെക്ഷൻ വിങ്ങിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അഴിമതികളെ സംബന്ധിച്ചും സമഗ്രമായ ഒരു അന്വേഷണം നടത്താൻ നമ്മുടെ ഒരു നിയമസഭാ കമ്മിറ്റിയെ ചുമതലപ്പെടുത്തുമോ?

ശ്രീ. കെ. എം. മാണി: എല്ലാത്തിനും ഇങ്ങനെ നിയമസഭാ കമ്മിറ്റി വേണമോ? ആത്മാർത്ഥമായി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളും ഒക്കെയും ഞാൻ പരിശോധിക്കാം.

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ: ഇവിടെ ഗവൺമെൻറ് തീരുമാനം അനുസരിച്ചാണോ അന്വേഷണത്തിന് വിട്ടതെന്ന സീതിഹാജിയുടെ ചോദ്യത്തിന് ധനകാര്യമന്ത്രി മറുപടി പറയുകയുണ്ടായി, ഓരോ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയും എടുക്കുന്ന തീരുമാനം ഗവൺമെൻറിനേറതാണെന്ന്. ധന കാര്യ വകുപ്പ് കൈയിൽ വച്ചുകൊണ്ട് എം.പി. ഗംഗാധരൻറെ പേരിൽ അന്വേഷണത്തിന് ഉത്തരവ് ഇട്ടതിൻറെ ഫലമായിട്ടല്ലേ ഇപ്പോൾ ആ വകുപ്പ് ശ്രീ. മാണിയുടെ കൈയിൽനിന്ന് പോകേണ്ടി വന്നത്.

ശ്രീ. കെ.എം. മാണി: അത് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണ്.

കല്ലട ഇറിഗേഷൻ പ്രോജക്ട്

* 142 [144] ശ്രീ. സി.കെ. തങ്കപ്പൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ:
,, പി.സി. തോമസ് (കടുത്തുരുത്തി):
,, ജി. വരദൻ:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പ്രോജക്ടിൻറെ പണി ഏതു വർഷത്തിലാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പ്രോജക്ടിന് അന്നു വകയിരുത്തിയിരുന്ന തുകയെത്ര;

(സി) ഈ പദ്ധതികളുടെ പണികൾക്ക് ഏതെങ്കിലും ഏജൻസികളിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിരുന്നുവോ; എങ്കിൽ ഏതെല്ലാം ഏജൻസികളിൽ നിന്നും; എത്ര വീതം;

(ഡി) എന്നാണ് ഈ പദ്ധതി കമ്മീഷൻ ചെയ്തത്;

(ഇ) ഇതുവരെ ഈ പദ്ധതിയ്ക്ക് ചെലവായിട്ടുള്ള തുക എത്ര;

(എഫ്) വലത്, ഇടത് കനാലുകളുടെ പണി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോന്നും എത്ര കിലോമീറർ വീതം പൂർത്തിയായി; പണി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ജി) എന്നത്തേക്ക് കനാലുകളുടെ പണി പൂർത്തിയാക്കാൻ കഴിയും;

(എച്ച്) പദ്ധതി പൂർത്തിയാകുമ്പോൾ എത്ര കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഐ) ഈ പദ്ധതിയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമോ; എങ്കിൽ എത്ര മെഗാവാട്ട്;

(ജെ) ആകെ എത്ര ഹെക്ടർ സ്ഥലത്തെ ജലസേചനമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) 1961-ൽ പ്രസ്തുത പ്രോജക്ടിൻറെ പണി ആരംഭിച്ചു

(ബി) 13.28 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly